LIBRARY ARCHIVES Kerala Legislative Assembly

സഹകരണ അർബൻ ബാങ്കുകളുടെ ഉന്നമനം

247(5406) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ അർബൻ ബാങ്കുകളുടെ ഉന്നമനത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നയങ്ങൾ വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ സഹകരണ അർബൻ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വീസ് സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനോമലികൾ പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉണ്ട്. സർവ്വീസ് സംഘടനകളും ഏതാനും ജീവനക്കാരും സമർപ്പിച്ച അപേക്ഷകൾ എല്ലാം ഒരുമിച്ച് പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്

248(5407) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ ബാങ്ക് തട്ടിപ്പിനെക്കുറിച്ച് 2019-ൽ സഹകരണ വകുപ്പുമന്ത്രിക്ക് പരാതി ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. വി. സുരേഷ് ബഹു. സഹകരണ വകുപ്പുമന്ത്രിയെ ധരിപ്പിച്ച പരാതിയുടെയും തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് 16-1-2019-ന് രേഖാമൂലം നൽകിയ പരാതിയുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും സഹകരണ നിയമം 65 പ്രകാരമുള്ള അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.